പ്രോജക്ട് സാറ്റർഡേ പദ്ധതി

10 (*310) ശ്രീ. ലൂഡി ലൂയിസ് :

,, എം. എ. വാഹീദ് :

,, ബെന്നി ബെഹനാൻ :

,, ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ 'പ്രോജക്ട് സാറ്റർഡേ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'സാറ്റർഡേ പ്രോഗ്രാം' എന്ന പേരിൽ ഒരു പ്രത്യേക പരിപാടി വനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഓഫീസ് നടപടിക്രമങ്ങൾ ഊർജ്ജിതപ്പെടുത്തി ഫയലുകളിൽ തീരുമാനമെടുത്ത് എല്ലാ ആഴ്ചയിലേയും അവസാന പ്രവൃത്തി ദിവസത്തിൽ (ശനിയാഴ്ച) പരമാവധി ഫയലുകൾ തീർപ്പുകൽപ്പിക്കുക, ജീവനക്കാർക്ക് നല്ല അന്തരീക്ഷത്തിലിരുന്ന് ജോലി ചെയ്യുന്നതിനുള്ള അവസരം നൽകുക, ഓഫീസും പരിസരവും ചിട്ടയായും വെടിപ്പായും സൂക്ഷിക്കുക എന്നിവയായിരുന്നു സാറ്റർഡേ പ്രോഗ്രാമിന്റെ മുഖ്യ ഉദ്ദേശ ലക്ഷ്യങ്ങൾ.

(സി) സാറ്റർഡേ പ്രോഗ്രാം നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ഓഫീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകുകയും ആഴ്ചതോറും നടത്തിയ അവലോകന യോഗത്തിൽ അതാത് ആഴ്ചയിലെ പുരോഗതി വിലയിരുത്തുകയും ചെയ്തിരുന്നു. കൂടാതെ ഓരോ ജില്ലകളിലെയും ഓഫീസുകൾ പരിശോധിച്ച് പ്രസ്തുത ഓഫീസുകളിൽ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വനംവകുപ്പ് ആസ്ഥാനത്തുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ /ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ചുമതല നൽകിയിരുന്നു. അപ്രകാരം ചുമതലപ്പെടുത്തിയ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥർ ഓരോ ജില്ലയിലേയും ഡിവിഷൻ /റെയിഞ്ച് ഓഫീസുകളിലെ പദ്ധതി നടത്തിപ്പിന്റെ പുരോഗതി പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടുകൾ വിലയിരുത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പിൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ

11 (*311) ശ്രീ. കെ. എസ്. ശബരീനാഥൻ :

,, ഡൊമിനിക് പ്രസന്റേഷൻ :

,, പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളെയും കുറ്റവാളികളെയും പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവര കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും എക്സൈസ് വകുപ്പിൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ സുഗമവും ഫലപ്രദവുമായ പ്രവർത്തനത്തിനുവേണ്ടി ഒരു വെബ് ബെയ്സ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനും വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ സ്ഥിതിവിവര കണക്ക്, സ്ഥിരം കുറ്റവാളികളുടെ സ്ഥിതിവിവര കണക്ക്, പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ എന്നിവ ശേഖരിക്കുന്നതിനും ക്രൈം രജിസ്ട്രേഷൻ, അന്വേഷണം, അന്തിമ റിപ്പോർട്ട് എന്നിവയുമായി ബന്ധപ്പെട്ട സർക്കുലറുകൾ സൂക്ഷിക്കുന്നതിനും അബ്കാരി/ എൻ.ഡി.പി.എസ്. കേസുകളുടെയും കുറ്റവാളികളുടെയും വിവരങ്ങളുടെ സംശയനിവാരണ കേന്ദ്രമായി പ്രവർത്തിക്കുന്നതിനും കീഴ് ഓഫീസുകൾ സന്ദർശിച്ച് പെൻഡിംഗ് കേസുകളുടെ അന്വേഷണ നടപടികളും ചാർജ് ഷീറ്റിംഗ് തുടങ്ങിയവ പരിശോധിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നതിനുമുള്ള കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly